(ബി) വാഹനാപകടത്തിൽ പരിക്കുപറ്റി ഗുരുതരമായി ചികിത്സ തുടരുന്ന ചേലക്കര മണ്ഡലത്തിൽ ചെറുതുരുത്തി താഴപ്ര യത്തീംഖാന ക്വാർട്ടേഴ്സിൽ ശ്രീവിദ്യ, ശ്രീദേവി സഹോദരിമാർക്ക് 2013-ലെ ജനസമ്പർക്ക പരിപാടിയിലൂടെ 25000 രൂപ ധനസഹായവും 2500 രൂപ വീതം പ്രതിമാസ പെൻഷനും ഭൂമിയും വീടും അനുവദിച്ചത് ശ്രദ്ധയിലുണ്ടോ ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ലെന്ന പരാതി ലഭ്യമായിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ ആനുകൂല്യങ്ങൾ എത്രയും വേഗം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജനസമ്പർക്കപരിപാടികളിലൂടെ ലഭ്യമായിട്ടുള്ള ഭൂരിഭാഗം പരാതികളിലും നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. മാത്രമല്ല കോർപ്പറേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ ഇവയുമായി ബന്ധപ്പെട്ട് തീർപ്പാക്കാനുള്ള വിഷയങ്ങളിൽ നടപടി ത്വരിതപ്പെടുത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി-ഡി) 2013-ലെ ജനസമ്പർക്ക പരിപാടിയിൽ ശ്രീവിദ്യക്കും ശ്രീദേവിക്കും മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായമായി 25.000 രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. കൂടാതെ, ചികിത്സാ ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും മൂന്നുലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതും തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുള്ളതുമാണ്. പാലക്കാട് ജില്ലക്കാരായ ഇവർ തൃശ്ശൂർ ജില്ലയിൽ താമസമായിട്ട് ഒരു വർഷമേ ആയിട്ടുള്ളൂ. അതിനാൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

അന്തർ സംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്ഥിരം സംവിധാനം

94 (3725) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർ സംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേതു പോലെ ഒരു സ്ഥിരം സംവിധാനം വേണമെന്ന് നിയമസഭയുടെ അഡ്ഹോക് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ, എന്തുകൊണ്ട് പ്രസ്തുത ശിപാർശ നടപ്പിലാക്കിയില്ലെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുല്ലപ്പെരിയാർ, പറമ്പിക്കുളം, കാവേരി എന്നീ നദികളിൽനിന്നും സംസ്ഥാനത്തിന് അർഹതപ്പെട്ട വെള്ളം കിട്ടാതെ വരികയും കോടതിയുടെ പരിഗണനയിലുണ്ടായിരുന്ന കേസുകൾ പരാജയപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വീഴ്ചകൾ മനസ്സിലാക്കി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനമെടുക്കുമോ ?

ഉത്തരം

(എ&ബി) നദീജലക്കരാറുകൾ സംബന്ധിച്ച ചർച്ചകളിൽ വിദഗ്ധോപദേശം ലഭിക്കുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് പറമ്പിക്കുളം, മുല്ലപ്പെരിയാർ നദീജലക്കരാറുകളെ സംബന്ധിച്ച് പരിശോധന നടത്തിയ ഒമ്പതാം കേരള നിയമസഭയുടെ അഡ്ഹോക്ക് കമ്മിറ്റിയുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

അന്തർ സംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംസ്ഥാനത്തിന് അനുകൂലമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിന് ജലസേചന വകുപ്പിൽ നിലവിൽ സംവിധാനങ്ങളുണ്ട്. ഇതിനായി അന്തർ സംസ്ഥാന ജലവിഭാഗത്തിലെ ചീഫ് എഞ്ചിനീയറുടെ (ചീഫ് എഞ്ചിനീയർ ഐ.എസ്.ഡബ്ല്യു.) നിയന്ത്രണത്തിൽ ഒരു ജോയിന്റ് ഡയറക്ടറും ഒരു ഡെപ്യൂട്ടി ഡയറക്ടറും അവരെ സഹായിക്കുന്നതിനായി അസിസ്റ്റൻറ് ഡയറക്ടർമാരും ഉൾപ്പെട്ട വിഭാഗം പ്രവർത്തിച്ചുവരുന്നു.

അന്തർ സംസ്ഥാന നദീജല വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ പരിഹാരം കാണുന്നതിന് മേൽ സൂചിപ്പിച്ച വിഭാഗം ജാഗ്രതയോടെ പ്രവർത്തിച്ചു വരുന്നു. ഇത്തരം കാര്യങ്ങളിൽ സർക്കാരിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനും ടി വിഭാഗം നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ മുല്ലപ്പെരിയാർ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് മുല്ലപ്പെരിയാർ സ്പെഷ്യൽ സെല്ലും പ്രവർത്തിച്ചുവരുന്നു. അന്തർ സംസ്ഥാന നദീജല വിഷയങ്ങളിൽ സംസ്ഥാനത്തിനുവേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകുന്നതിനായി ഒരു Advisory Committee-യും പ്രവർത്തിച്ചു വരുന്നുണ്ട്. പറമ്പിക്കുളം ആളിയാർ പദ്ധതി കരാറുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ പുലർത്തുന്നതിനായി പാലക്കാട് ഒരു J.W.R. Division ഓഫീസും പ്രവർത്തിച്ചുവരുന്നുണ്ട്. പി.എ.പി. കരാറുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാൻ സർക്കാരിനും ജലസേചന വകുപ്പിനും ടി ഡിവിഷന്റെ പ്രവർത്തനം വളരെയധികം സഹായകരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുകളിൽ സൂചിപ്പിച്ച പ്രകാരം നിലവിലുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അന്തർ സംസ്ഥാന നദീജല വിഷയങ്ങളിൽ സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പ്രയോജനപ്രദമായ രീതിയിൽ നിലവിലുള്ള സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്റ് ലാന്റ് സ്റ്റഡീസ്

95 (3726) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്റ് ലാന്റ് സ്റ്റഡീസ് എന്ന സ്ഥാപനം കോട്ടയത്ത് തുടങ്ങുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) സാമ്പത്തിക നില മോശമായ സംസ്ഥാനത്തിന് ഒരു പുതിയ സംവിധാനം തുടങ്ങുന്നത് അഭിലഷണീയമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(സി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്റ് ലാന്റ് സ്റ്റഡീസ് എന്ന സ്ഥാപനത്തിന് ഒരു വർഷം എന്ത് ചെലവുവരുമെന്നാണ് കണക്കുകൂട്ടിയിട്ടുള്ളത് ;

(ഡി) വെറ്റ് ലാന്റ് പഠനം കൂടി സി.ഡബ്ല്യു.ആർ.ഡി.എം.-ന തന്നെ നടത്താൻ സാധിക്കുമോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്റ് ലാന്റ് സ്റ്റഡീസ് കോട്ടയത്ത് തുടങ്ങുന്നതിനുള്ള അന്തിമ തീരുമാനം സർക്കാർ ഇതുവരെ എടുത്തിട്ടില്ല.

(ബി&സി) ബാധകമല്ല.

(ഡി) തണ്ണീർത്തടങ്ങളെ സംബന്ധിച്ചുള്ള പഠനം സി.ഡബ്ല്യു.ആർ.ഡി.എം. ഇപ്പോൾത്തന്നെ നടത്തിവരുന്നുണ്ട്.

ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ മദ്യ സൽക്കാര പരിപാടികൾ

96 (3727) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീഫ് സെക്രട്ടറിയുൾപ്പെടെ ഒരു വിഭാഗം സീനിയർ ഐ.എ.എസ്/ ഐ.പി.എസ്. ഉദ്യോഗസ്ഥർ നടത്തിയ ദീപാവലി ആഘോഷം എവിടെ വച്ചായിരുന്നുവെന്നും ഇതിനായി എന്തെങ്കിലും സഹായം നൽകിയോയെന്നും

LIBRARY ARCHIVES Kerala Legislative Assembly